**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ഓഫീസുകളിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിനായി സ്വീപ്പിംഗ് ഏരിയ നിർണ്ണയിക്കുന്നത് സംബന്ധിച്ച് നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ ഭേദഗതികൾ വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

ധനകാര്യ (വ്യയം-സി) വകുപ്പ്

സ.ഉ (അച്ചടി) നം. 34/2018/ധന തിരുവനന്തപുരം, തീയതി, 06/03/2018

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം: 1) സ.ഉ (പി) നം 501/2005/ധന തീയതി 25.11.2005.
2) സ.ഉ (പി) നം. 61/2010/ധന തീയതി 09/02/2010.
3) സ.ഉ (പി) നം. 101/2018/ധന തീയതി 21/07/2016.

**<u>ഉത്തരവ്</u>**

പരാമർശം 1, 2, 3 സർക്കാർ ഉത്തരവുകൾ പ്രകാരം സർക്കാർ ഓഫീസുകളിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിനായി സ്വീപ്പിംഗ് ഏരിയ നിർണ്ണയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ സ്വീപ്പിംഗ് ഏരിയ നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ടുള്ള മേൽപറഞ്ഞ 3 സർക്കാർ ഉത്തരവുകളിലും താൽക്കാലിക ഓഫീസ് സംവിധാനം സ്വീപ്പിംഗ് ഏരിയയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം ഇല്ല.

2) താൽക്കാലിക റൂഫിംങ് സംവിധാനം സാധാരണയായി ഉപയോഗിക്കുന്നത് കാർ പാർക്കിംങ്, വിശ്രമസ്ഥലം, യോഗങ്ങൾ ചേരുന്നതിന് എന്നിവയ്ക്കാണ്. പലപ്പോഴും ഇത്തരം താൽക്കാലിക സംവിധാനങ്ങൾ ദിവസവും വൃത്തിയാക്കേണ്ടി വരുന്നില്ല. ഇത്തരം താൽക്കാലിക സംവിധാനം സ്വീപ്പിംഗ് ഏരിയയിൽ ഉൾപ്പെടുത്തുന്നത് വഴി സ്വീപ്പിംഗ് ഏരിയ വർദ്ധനവിനും പുതിയ തസ്തിക സൃഷ്ടിക്കുന്നതിനും കാരണമാകുന്നു.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ കൂടി നിർദ്ദേശപ്രകാരം ഓഫീസുകളിൽ GI പൈപ്പ് കൊണ്ടോ ഷീറ്റ് കൊണ്ടോ മറ്റ് ഏതെങ്കിലും സാമഗ്രികൊണ്ടോ നിർമ്മിച്ചിട്ടുള്ള താൽക്കാലിക റൂഫിംങ് സംവിധാനം സ്വീപ്പിംഗ് ഏരിയ നിർണ്ണയിക്കുന്നതിന് കണക്കിലെടുക്കേണ്ടതില്ല എന്ന് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡി. കൃഷ്ണപ്രിയ**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

To

1. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം

3. അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ), കേരള, തിരുവനന്തപുരം
4. ഗവർണ്ണറുടെ സെക്രട്ടറി
5. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
6. എല്ലാ വകുപ്പ് മേധാവികൾക്കും. ഓഫീസ് മേലധികാരികൾക്കും
7. സെക്രട്ടേറിയറ്റിലെ സെക്രട്ടറിമാർ / അഡീഷണൽ സെക്രട്ടറിമാർ / ജോയിന്റ് സെക്രട്ടറിമാർ / ഡെപ്യൂട്ടി സെക്രട്ടറിമാർ / അണ്ടർ സെക്രട്ടറിമാർ
8. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
9. രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/എം.ജി/കണ്ണൂർ/സംസ്കൃത സർവകലാശാലകൾ
10. രജിസ്ട്രാർ, കാർഷിക സർവ്വകലാശാല, തൃശ്ശൂർ
11. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
12. അഡ്വക്കേറ്റ് ജനറൽ, അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ്, എറണാകുളം
13. അഡ്വക്കേറ്റ് ജനറൽ, അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ്, തിരുവനന്തപുരം
14. മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ, പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
15. ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി
16. ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
17. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
18. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
19. നോഡൽ ഓഫീസർ **www.finance.kerala.gov.in**
20. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Ranjit

സെക്ഷൻ ഓഫീസർ